**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4328** **01-07-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച മെഡിസെപ്പ് പദ്ധതി ഫലപ്രദമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | **മെഡിസെപ് പദ്ധതി നടപ്പിലാക്കി രണ്ട് വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ നാളിതുവരെ ഉയർന്നു വന്ന നിരവധി പരാതികൾ/ ആക്ഷേപങ്ങൾ അതായത് പദ്ധതിയിൽ എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികൾ ഗുണഭോക്താക്കളുടെ പക്കൽ നിന്നും സർക്കാർ നിശ്ചയിച്ച് നൽകിയിരിക്കുന്ന പാക്കേജുകൾക്ക് ഉപരിയായി പണം വാങ്ങുന്നുവെന്നുള്ള ആക്ഷേപങ്ങൾ, ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനി സമയബന്ധിതമായി ചികിത്സാ ചെലവുകൾ കൊടുത്തു തീർക്കുന്നില്ല എന്നുള്ള പരാതികൾ, നിശ്ചയിച്ച് നൽകിയ പാക്കേജുകളിൽ നിന്നും കുറഞ്ഞ തുക ഇൻഷ്വറൻസ് കമ്പനി നൽകുന്നുവെന്ന പരാതികൾ, ഒരു വർഷം പിന്നിട്ടിട്ടും ഗുണഭോക്താക്കൾ അവരുടെ ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ ബുദ്ധിമുട്ടുകൾ തുടങ്ങി വിവിധ വിഷയങ്ങൾ സർക്കാരിന്റെ മുന്നിൽ എത്തുകയും ആയതിൻമേലുള്ള തീരുമാനങ്ങൾ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ നടത്തുന്ന ദ്വൈവാര അവലോകന യോഗങ്ങളിൽ ചർച്ച ചെയ്ത്, നടപ്പിലാക്കുവാൻ വ്യക്തമായ നിർദ്ദേശം നൽകുകയും ആയത് സർക്കാർ തലത്തിലും പരിശോധിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ പക്കൽ നിന്നും അധികമായി പണം കൈപ്പറ്റുന്ന ആശുപത്രികളെ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾക്കും ആശുപത്രികൾക്ക് കൊടുത്തു തീർക്കേണ്ട തുക സമയബന്ധിതമായി കുടിശ്ശികയില്ലാതെ കൊടുത്തു തീർക്കുവാനുള്ള നിർദ്ദേശം, ഏകപക്ഷീയമായി ഇൻഷ്വറൻസ് കമ്പനി വെട്ടിക്കുറച്ച പാക്കേജ് നിരക്കുകൾ പുനഃസ്ഥാപിക്കൽ, സമയബന്ധിതമായി ആശ്രിതരെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകൽ തുടങ്ങി കൈക്കൊണ്ട തീരുമാനങ്ങൾക്കൊപ്പം പരാതികൾ സമർപ്പിക്കാനുള്ള** |

| | | | |
|---|---|---|---|
| | | | **വിപുലമായ ഓൺലൈൻ സംവിധാനവും സർക്കാർ തലത്തിലെ ത്രിതല പരാതി പരിഹാര സംവിധാനങ്ങളും പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുന്ന മെഡിസെപ് വെബ്പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും ഹാൻഡ് ബുക്കും നിലവിലെ അപാകതകൾ കുറയ്ക്കുവാനും പദ്ധതിയുടെ ഗുണഫലങ്ങൾ കാര്യക്ഷമമായിത്തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന തരത്തിൽത്തന്നെ വിഭാവനം ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ